# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.547 — 28.02.2017-ൽ മറുപടിയ്ക്ക്

## വ്യവസായ ബൃഹത് സോണുകൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | 2016-17 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) യും ബി) യും ഉണ്ട്. കിൻഫ്ര മുഖേന വ്യവസായ സോണുകൾ ആരംഭിക്കുന്നതിലേക്കായി ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കരിക്കോട്-ആലക്കോട് വില്ലേജുകളിലെ 920 ഏക്കർ ഭൂമിയും, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ ഭൂമിയും, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ കലഞ്ഞൂരിലെ 38.80 ഏക്കർ ഭൂമിയും, അടൂർ താലൂക്കിലെ ഏഴംകുളം വില്ലേജിൽ 37 ഏക്കർ ഭൂമിയും നെഗോഷിയേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |
| ബി) | ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത്തരത്തിൽ വ്യവസായ സോണുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | |
| സി) | ഇതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ 500 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | എത്ര സമയംകൊണ്ട് സോൺ പൂർത്തീകരിക്കുവാൻ സാധിക്കും. ഇത് സംബന്ധിച്ച് കിൻഫ്ര എന്തെങ്കിലും പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ? | ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രയ്ക്ക് കൈമാറിക്കഴിഞ്ഞാൽ ഉടൻ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങാനും പൂർത്തിയാക്കാനുമാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് കിൻഫ്ര പഠന റിപ്പോർട്ടുകൾ ഒന്നും തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ